# ഗവ എൽ പി സ്കൂൾ മരുതൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025- 2026



# ആമുഖം

കൊയിലാണ്ടി നഗരസഭയിലെ മരുതൂർഗ്രാമത്തിൽ 24-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സർക്കാർ വിദ്യാലയമാണ് മരുതൂർ ഗവ: എൽ പി. സ്കൂൾ. മികച്ച അക്കാദമിക നിലവാരവും പഠനാനുബന്ധ പ്രവർത്തനങ്ങളും പൊതുജന പങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായ വിദ്യാലയമാണിത്.

ഒന്നു മുതൽ 4 വരെയുള്ള ക്ലാസുകൾക്കു പുറമെ സർക്കാർ അംഗീകൃത പ്രീപ്രൈമറിയും ഇവിടെ പ്രവർത്തിച്ചു വരുന്നു. കുട്ടികളുടെ സർവതോന്മുഖമായ വികാസം ലക്ഷ്യവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സ്കൂൾ എല്ലായ്പ്പോഴും ആസൂത്രണം ചെയ്യുന്നത്. അതാതു ക്ലാസുകളിൽ കുട്ടികൾ ആർജിക്കേണ്ട ശേഷികൾ നേടാൻ അവരെ പ്രാപ്തരാക്കുന്നതിന് വിദ്യാലയം മുന്തിയ പരിഗണന നൽകുന്നു. ഓരോ കുട്ടിയെയും വ്യക്തിപരമായി ശ്രദ്ധിച്ചുകൊണ്ട് സമഗ്രമായ ഗുണമേന്മാവിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നതിന് അധ്യാപകർ ജാഗ്രത പാലിച്ചുവരുന്നു.

## മികവുകൾ

* മികച്ച അക്കാദമിക നിലവാരം
* പ്രകൃതിരമണീയമായ ഗ്രാമാന്തരീക്ഷം
* മികച്ച ശുചിത്വ വിദ്യാലയം
* മികച്ച ലൈബ്രറി
* IT പഠനസൗകര്യം
* കലാ പ്രവൃത്തിപരിചയ മേളകളിലെ മികച്ച വിജയങ്ങൾ
* സ്പോക്കൺ ഇംഗ്ലീഷ്
* കരാട്ടേ പരിശീലനം
* വർണ്ണ കൂടാരം
* വ്യക്തിഗത പഠന പിന്തുണ
* അർപ്പണ ബോധമുള്ള അധ്യാപകർ

## പരിമിതികൾ

* മികച്ച ക്ലാസ് മുറികളുടെ അഭാവം
* ഡിജിറ്റൽ ഉപകരണങ്ങളുടെ അപര്യാപ്തത
* പ്രത്യേക ലൈബ്രറി, റീഡിംഗ് റൂം ഇല്ല.

## പൊതുലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലെയും അതാത് വിഷയങ്ങളിൽ, പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് തീവ്രശ്രമം നടത്തും.
* ഓരോ കുട്ടിക്കും വ്യക്തിഗതശ്രദ്ധ നൽകി വിവിധ മേഖലകളിലെ കഴിവുകൾ പ്രോത്സാഹിപ്പിക്കും.
* ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ ഓരോ ഘട്ടം കഴിയുമ്പോഴും പുരോഗതി വിലയിരുത്തി രക്ഷിതാക്കളെ ബോധ്യപ്പെടുത്തും.
* വിവിധ ദിനാചരണങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കും
* സഭാകമ്പമില്ലാതെ സദസ്സിനെ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് വിവിധ പരിപാടികൾ നടത്തും.
* ജൈവകൃഷി പ്രോത്സാഹിപ്പിക്കും.
* ആരോഗ്യശീലങ്ങൾ, വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയെക്കുറിച്ച് ബോധവൽക്കരിക്കുകയും വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യും.

## 2025-'26 അധ്യയന വർഷം ഊന്നൽ നൽകുന്ന പദ്ധതികൾ

### സമഗ്ര ഗുണമേന്മാ പദ്ധതി

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുന്നോട്ടെത്തിക്കുന്നതിനായി 'പഠിച്ചുയരാം' എന്ന പേരിൽ ക്ലാസുകൾ നടത്തും. പഠന പിന്നോക്കം/ പിന്തുണ ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകും.

### അടിസ്ഥാന ശേഷികൾ ഉറപ്പാക്കൽ

മലയാളം : എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവർക്കായി മലയാളത്തിളക്കം പോലുള്ള മൊഡ്യൂളുകൾ ഉപയോഗിച്ച് ക്ലാസുകൾ നൽകും. വായനയ്ക്കായി റീഡിംഗ് കാർഡുകളും കുഞ്ഞുപുസ്തകങ്ങളും ഉപയോഗിക്കും.

ഇംഗ്ലീഷ് : ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഇ-ലാംഗ്വേജ് ലാബ് പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തും. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കും. ക്ലാസ് തലത്തിൽ സ്പോക്കൺ ഇംഗ്ലീഷിന് പ്രാധാന്യം നൽകും.

ഗണിതം : ഗണിതത്തിലെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനായി ഉല്ലാസ ഗണിതം, ഗണിതവിജയം മോഡ്യൂളുകൾ ഉപയോഗപ്പെടുത്തും. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നൽകി അവ പരിഹരിക്കുന്നതിന് പ്രാപ്തരാക്കും.

പരിസരപഠനം: നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും പ്രാധാന്യം നൽകി കുട്ടികൾ നേരനുഭവങ്ങൾ നൽകി ശാസ്ത്ര താല്പര്യമുള്ള ഒരു പുതു തലമുറയെ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടത്തും.